പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *157 — 10/03/2020-ൽ മറുപടിക്ക്

## ചെറുകിട തുറമുഖങ്ങളുടെ വികസനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ,<br>ശ്രീ. വി.കെ.സി.മമ്മത് കോയ,<br>ശ്രീ. എം. മുകേഷ്,<br>ശ്രീ. എ.എൻ. ഷംസീർ | | രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | റോഡിലെ വാഹന സാന്ദ്രതയും റെയിൽവേ വഴിയുള്ള ചരക്ക് കടത്തലിന്റെ പരിമിതിയും കണക്കിലെടുത്ത് തീരക്കടലിലൂടെ യുള്ള കപ്പൽ ഗതാഗതത്തിന് വലിയ തോതിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയും കൈകാര്യച്ചെലവിൽ ഇളവു പ്രഖ്യാപിക്കുകയും ചെയ്തിട്ടും ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്ക് ഗതാഗതം വർദ്ധിപ്പി-ക്കാനാകാതെ നാമമാത്രമായി തുടരുന്നതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ 4 ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽ നിന്ന് റിട്ടേൺ കാർഗോ ലഭിക്കാത്തതിനാലും കൈകാര്യ ചെലവ് കൂടുതലായതിനാലും തുറമുഖങ്ങൾ വഴിയുള്ള ചരക്ക് ഗതാഗതം ലാഭകരമല്ലാത്ത സ്ഥിതിയിലാണ്. പ്രാവീണ്യമുള്ള തൊഴിലാളികളുടെ അഭാവവും കൈകാര്യ ചെലവ് കൂടാൻ കാരണമായിട്ടുണ്ട്. ഇത് പരിഗണിച്ച് സർക്കാർ തീരദേശ കപ്പൽ ഗതാഗതത്തിന് 2018 മാർച്ച് 31 വരെ ഒരു ടണ്ണിന് ഒരു രൂപ എന്ന നിരക്കിലും 2019 മാർച്ച് 31 വരെ ടണ്ണിന് 3/- രൂപ നിരക്കിലും ഇൻസന്റീവ് നൽകിയിരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിനായി റോഡിലൂടെയുള്ള ചരക്കുകൂലിയുടെ 50% ഇൻസെന്റീവ് ആയി നിശ്ചയിച്ച് 18.02.2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ ഈ ഉത്തരവിന്റെ പ്രായോഗികത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള മാരിടൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുവാനും വെസ്സലുകളുടെ turn around time പരമാവധി കുറയ്ക്കാനുമുതകുന്ന ഒരു standard operating procedure തയ്യാറാക്കാനും മാരിടൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ ചെറുകിട തുറമുഖങ്ങളുടെ വിക-സനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ 4 തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീനുകൾ തുടങ്ങിയ ആധുനീക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് Azhikkal Port Limited എന്ന കമ്പനി രൂപീകരിച്ച് DPR തയ്യാറാക്കി വരികയാണ്. |

| | | | |
|---|---|---|---|
| | | | കൊല്ലം തുറമുഖത്ത് കണ്ടെയ്നർ - കം - പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ബേപ്പൂരിൽ 175 മീറ്റർ ആർ.സി.സി വാർഫ് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് ഐ.ഐ.ടി, ചെന്നൈ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ മുസരീസ് പ്രോജക്റ്റിന്റെ ഭാഗമായി പൈതൃക മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ആവശ്യമായ ഡ്രാഫ്റ്റ് നിലനിർത്തുന്നതിന് ഡ്രഡ്ജിംഗ് നടത്താൻ മാരിടൈം ബോർഡിന് അനുമതി നല്കിയിട്ടുണ്ട്. ഇങ്ങനെ 4 പ്രധാന തുറമുഖങ്ങളിൽ തീരദേശ കപ്പൽ ഗതാഗതം ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | 2018-ൽ നിലവിൽ വന്ന മാരിടൈം ബോർഡ് വഴി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ? | (സി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനവും നടത്തിപ്പും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ തുറമുഖങ്ങളുടെ വികസനത്തിന് ആവശ്യമായ തുക സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ വകയിരുത്തുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ പ്രധാന ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കു ഗതാഗതത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖത്ത് ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി തുറമുഖ വികസനം/ടൂറിസം/ തുറമുഖാധിഷ്ഠിത വ്യവസായ വികസനം തുടങ്ങിയ മേഖലകളിൽ സ്വന്തമായോ PPP വ്യവസ്ഥയിലോ പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കാൻ കേരള മാരിടൈം ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു standard operating procedure തയ്യാറാക്കി കപ്പൽ വഴിയുള്ള ചരക്കുനീക്കം ആദായകരമാക്കാനും നിലവിലുള്ള ഇൻസെന്റീവ് സ്കീം പരിഷ്കരിച്ച് ആകർഷകമാക്കാനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ